I ഇ.ബി. XIII-കേരള നിയമസഭ/XV-5

**പതിമൂന്നാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2015 ഡിസംബർ 04, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

## ചട്ടം 64 പ്രകാരമുള്ള പ്രസ്താവന

ശ്രീ. കെ. എം. മാണി: സംസ്ഥാന സർക്കാരിന്റെ പുതിയ മദ്യനയത്തിനെതിരെ ഒരു ബാർ ഉടമ ദൃശ്യമാധ്യമങ്ങളിലൂടെ നടത്തിയ ആരോപണത്തിന്റെ പേരിൽ വിജിലൻസിന് നൽകപ്പെട്ട ഒരു പരാതി പരിഗണിക്കവെ ബഹു. ഹൈക്കോടതി നോട്ടീസയച്ച് എന്നെ കേൾക്കാനുള്ള അവസരം നൽകാതെ സാന്ദർഭികമായി നടത്തിയ പരാമർശം അത്യന്തം വേദനാജനകമാണ്.

## ക്രമപ്രശ്നം

<u>രാജിവച്ച മന്ത്രിയുടെ പ്രസ്താവന</u>

<u>ശ്രീ. സി. ദിവാകരൻ</u>: മന്ത്രിസ്ഥാനം രാജിവച്ച് ദിവസങ്ങൾ കഴിഞ്ഞ ഒരു വ്യക്തിക്ക് ചട്ടം 64 പ്രകാരമുള്ള പ്രസ്താവന നടത്താനുള്ള അവകാശമില്ല.

## റൂളിംഗ്

<u>മി.സ്പീക്കർ</u>: നിയമസഭാ നടപടി ചട്ടം 64 പ്രകാരം മന്ത്രിസ്ഥാനം രാജിവച്ച ഒരു അംഗത്തിന് സ്പീക്കറുടെ സമ്മതത്തോടുകൂടി തന്റെ രാജിയെപ്പറ്റിയുള്ള പ്രസ്താവന നടത്താൻ അവകാശമുണ്ട്. പ്രസ്താവനയുടെ കോപ്പി അത് നടത്തുവാൻ ഉദ്ദേശിക്കുന്ന തീയതിക്ക് ഒരു ദിവസം മുമ്പ് സ്പീക്കർക്കും സഭാനേതാവിനും നൽകണം. അങ്ങനെയുള്ള പ്രസ്താവന ചോദ്യങ്ങൾക്ക് ശേഷം ഏത് ദിവസമാണോ പ്രസ്താവന നടത്തുന്നത് ആ ദിവസത്തെ കാര്യവിവരപ്പട്ടികയിലേയ്ക്ക് കടക്കുന്നതിനുമുമ്പ് ചെയ്യണമെന്ന് ചട്ടം 64(3) അനുശാസിക്കുന്നതിനാലാണ് ഇപ്പോൾ പ്രസ്താവന ചെയ്യുവാൻ ശ്രീ. കെ. എം. മാണിയെ ക്ഷണിച്ചത്. ഈ സഭയിൽത്തന്നെ ഇപ്രകാരമുള്ള പ്രസ്താവന നടത്തിയതിനുള്ള ധാരാളം തെളിവുകളുണ്ട്. അവയെല്ലാം നിയമസഭ നടക്കുന്ന സമയത്താണുണ്ടായത്. ഇന്റർസെഷൻ സമയത്ത് രാജിവച്ച ഒരു മന്ത്രി ഇപ്രകാരം ഒരു പ്രസ്താവന നടത്തുവാൻ അനുമതി ആവശ്യപ്പെടുന്നത് ആദ്യമായിട്ടാണ്. രാജിവച്ച മന്ത്രി ഇത്ര

ദിവസത്തനകം പ്രസ്താവന നടത്തണമെന്ന് ചട്ടത്തിൽ നിബന്ധനയില്ല. ലോക്സഭാ ചട്ടത്തിൽ (ചട്ടം 199) രണ്ട് സമ്മേളനങ്ങൾക്കിടയ്ക്കുള്ള സമയത്ത് രാജിവയ്ക്കുന്ന മന്ത്രി ലോക്സഭാ സമ്മേളനം ആരംഭിച്ച ശേഷം 7 ദിവസത്തിൽ അധികരിക്കാത്ത ഒരു ദിവസം അപ്രകാരമുള്ള പ്രസ്താവന നടത്താവുന്നതാണെന്ന് നിബന്ധന ചെയ്തിട്ടുണ്ട്. പ്രസ്തുത നിബന്ധന നിയമസഭാ ചട്ടം 314 പ്രകാരം ഇവിടെയും പ്രാവർത്തികമാക്കുകയാണ്.

## ചട്ടം 64 പ്രകാരമുള്ള പ്രസ്താവന (തുടർച്ച)

ശ്രീ. കെ. എം. മാണി: കോടതി എനിക്കെതിരെ ഒരു കുറ്റാരോപണവും നടത്തിയിട്ടില്ല. സ്വതന്ത്രമായ കേസന്വേഷണത്തിന് അധികാരസ്ഥാനത്ത് തുടരുന്നത് ഭൂഷണമാണോയെന്ന് എന്റെ മനഃസാക്ഷിയോട് ചോദിക്കട്ടെ എന്ന കോടതി പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ഉന്നതമൂല്യങ്ങൾ മുൻനിർത്തി സ്വമനസ്സാലെയാണ് ഞാൻ രാജി സമർപ്പിച്ചത്. കഴിഞ്ഞ 50 വർഷത്തെ നിയമസഭാ ജീവിതത്തിനിടയിൽ സഭയോടും സഭാനേതാവിനോടും എല്ലാ അംഗങ്ങളോടും ആദരവും കൂറും പുലർത്താൻ ഞാൻ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. എനിക്കെതിരെ നടക്കുന്ന അന്വേഷണങ്ങളെപ്പറ്റിയോ അതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളെക്കുറിച്ചോ കൂടുതലായി ഒന്നും പറയുന്നില്ല. സത്യം ആത്യന്തികമായി വിജയിക്കും. സഭാംഗങ്ങളെല്ലാം എനിക്ക് നൽകിയിട്ടുള്ള സഹകരണങ്ങൾക്കും

പകർന്നുതന്ന സ്നേഹത്തിനും നന്ദി പ്രകാശിപ്പിക്കുന്നതോടൊപ്പം പരസ്പര സ്നേഹവും വിശ്വാസവും എന്നും നിലനിൽക്കട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## അടിയന്തര പ്രമേയം

കശുവണ്ടി വ്യവസായം നേരിടുന്ന പ്രതിസന്ധി

മി. സ്പീക്കർ: പൊതുമേഖലാ സ്ഥാപനമായ കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികൾ അനിശ്ചിതമായി അടച്ചിട്ടിരിക്കുന്ന സാഹചര്യം മുതലെടുത്ത് മിനിമം കൂലിപോലും നൽകാതെ സ്വകാര്യ ഫാക്ടറി മുതലാളിമാർ നിയമനിഷേധം നടത്തി കശുവണ്ടി വ്യവസായ രംഗത്ത് പണിയെടുക്കുന്ന തൊഴിലാളികളെ ചൂഷണം ചെയ്തുകൊണ്ടിരിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം ഇന്നത്തെ സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. കെ. ഗുരുദാസൻ, വി. എസ്. സുനിൽ കുമാർ, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് കീഴിലുള്ള 30 ഫാക്ടറികളിൽ 10 ഫാക്ടറികൾ കോർപ്പറേഷന് സ്വന്തവും ബാക്കി 20 ഫാക്ടറികൾ തൊഴിലാളി

സംരക്ഷണത്തിനുവേണ്ടി ഏറ്റെടുത്ത് നടത്തുന്നവയുമാണ്. ഏകദേശം പതിമൂന്നായിരത്തോളം തൊഴിലാളികളാണ് അവിടെ ജോലി ചെയ്യുന്നത്. കോർപ്പറേഷന് കീഴിലുള്ള ഫാക്ടറികളുടെ പ്രവർത്തനത്തിനാവശ്യമായ മൂലധനത്തിന്റെ കുറവുമൂലം ആവശ്യത്തിന് തോട്ടണ്ടി സംഭരിക്കാൻ കഴിയാത്തതിനാൽ ഫാക്ടറികൾ 18.9.2015 മുതൽ അടച്ചിട്ടിരിക്കുകയാണ്. ലാഭനഷ്ടം കണക്കിലെടുക്കാതെ കശുവണ്ടി മേഖലയിലെ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകുകയെന്ന സർക്കാരിന്റെ പ്രഖ്യാപിത നയത്തിന്റെ ഭാഗമായി കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകുന്നതിനും കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഫാക്ടറികളുടെ അറ്റകുറ്റപ്പണികളും അടിസ്ഥാനസൗകര്യങ്ങളും വർദ്ധിപ്പിച്ച് കൂടുതൽ തൊഴിൽ സൗകര്യങ്ങൾ ഉറപ്പുവരുത്തുകയും ഭാഗികമായി യന്ത്രവൽക്കരണ സംവിധാനങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ പ്രശ്നങ്ങൾ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായ ഒരു കമ്മിറ്റി വിശദമായി പരിശോധിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുന്നതിനും പുരോഗതിയിലേയ്ക്ക് നയിക്കുന്നതിനുമുള്ള നടപടിക്രമങ്ങൾ നിർദ്ദേശിച്ചുകൊണ്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ അടുത്ത കാലത്ത്

കമ്പനിയുടെ പ്രവർത്തനത്തെ സംബന്ധിച്ചുണ്ടായ പരാതികളും കോടതി ഇടപെടലുകളും തൽഫലമായുണ്ടായ സി.ബി.ഐ. അന്വേഷണവും കോർപ്പറേഷന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ പ്രവർത്തനത്തിന് കൂടുതൽ സാമ്പത്തിക സഹായം നൽകി പ്രവർത്തനങ്ങൾ പുനരാരംഭിക്കുവാനുള്ള നടപടികളെ സംബന്ധിച്ച് വിവിധ ട്രേഡ് യൂണിയൻ നേതാക്കളുമായി ചർച്ച നടത്തുകയും സ്റ്റാറ്റ്യൂട്ടറി കുടിശ്ശികയുടെ ഒരു ഭാഗമെങ്കിലും നൽകുന്നതിനും പ്രവർത്തന മൂലധനത്തിന് വേണ്ടിവരുന്ന തുക അനുവദിക്കുന്നതിനും ധാരണയായിട്ടുണ്ട്. ഈയൊരു സാഹചര്യത്തിൽ തൊഴിലാളികൾ നടത്തിവരുന്ന സമരം അവസാനിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. പി. കെ. ഗുരുദാസൻ</u>: കശുവണ്ടി വ്യവസായത്തിന്റെ മാതൃകാ സ്ഥാപനമായി ആരംഭിച്ച കശുവണ്ടി വികസന കോർപ്പേറഷൻ തൊഴിലാളികൾക്ക് തുച്ഛമായ കൂലിയാണ് കൊടുക്കുന്നത്. ഈ വ്യവസായത്തിലേർപ്പെടുന്ന തൊഴിലാളികളിൽ ഭൂരിപക്ഷവും സ്ത്രീകളാണ്. ഒരു വർഷക്കാലം നീണ്ടുനിന്ന സമരത്തിന്റെ ഫലമായി പുതുക്കി നിശ്ചയിച്ച കൂലിപോലും നിഷേധിക്കുകയാണ്. കുടിവറുപ്പുശാലകൾ വ്യാപകമാണ്. കേരളത്തിലെ കശുവണ്ടി വ്യവസായം സംരക്ഷിക്കുന്നതിന് സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല. കയർ, കൈത്തറി, ബീഡി തുടങ്ങിയ പരമ്പരാഗത വ്യവസായങ്ങൾ

തകർന്നുകൊണ്ടിരിക്കുമ്പോൾ കഷ്ടിച്ച് നിലനിൽക്കുന്ന, തൊഴിലാളികൾക്ക് പ്രചോദനമായി പ്രവർത്തിക്കേണ്ട ഈ പൊതുമേഖലാ സ്ഥാപനത്തെ സംരക്ഷിക്കേണ്ട ബാധ്യത ഗവൺമെന്റിനാണ്. സ്വകാര്യ മേഖലയിലെ കുടിവറുപ്പുശാലകൾ അവസാനിപ്പിക്കുന്നതിനും അടച്ചിട്ട ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും റിട്ടയർ ചെയ്തവർക്കുള്ള ആനുകൂല്യങ്ങൾ കൊടുക്കുന്നതിനും നടപടി സ്വീകരിക്കണം. ഈ വിഷയങ്ങൾക്കൊക്കെ പരിഹാരം കണ്ടെത്തുന്നതുവരെ സമരം തുടരും. അതുകൊണ്ട് ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഷിബു ബേബി ജോൺ</u>): ശ്രീ. പി. കെ. ഗുരുദാസൻ ഉന്നയിച്ച വിഷയത്തിന്റെ ഗൗരവം ഗവൺമെന്റ് പൂർണ്ണമായും ഉൾക്കൊള്ളുന്നു. കശുവണ്ടി മേഖലയിൽ ശരാശരി 200 ദിവസത്തിൽ കൂടുതൽ തൊഴിൽ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ കശുവണ്ടി വികസന കോർപ്പറേഷന് 186 കോടി രൂപ നൽകിയിട്ടുണ്ട്. കോർപ്പറേഷനെതിരെ സി.ബി.ഐ. അന്വേഷണം പ്രഖ്യാപിച്ചിരിക്കുന്നതുമൂലമുള്ള സ്തംഭനാവസ്ഥ പരിഹരിക്കുന്നതിന് സർക്കാർ തയ്യാറാണ്. തൊഴിലാളികൾ സമരം ആരംഭിക്കുന്നുവെന്നറിഞ്ഞപ്പോൾ തന്നെ വ്യവസായ വകുപ്പുമന്ത്രി ജനപ്രതിനിധികളെയും ട്രേഡ് യൂണിയൻ

നേതാക്കളെയും ചർച്ചയ്ക്ക് വിളിക്കുകയും കോർപ്പറേഷൻ തുറക്കുന്നതിന് തയ്യാറാണെന്ന് വ്യക്തമാക്കുകയും ചെയ്തിരുന്നു. തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റിയടക്കം 65 കോടി രൂപ കുടിശ്ശികയായി നൽകാനുണ്ട്. ഈ മാസം തന്നെ ഫാക്ടറി തുറക്കുന്നതിന് ശ്രമിക്കുന്നതും ഗ്രാറ്റുവിറ്റിയടക്കമുള്ള ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്. ടെണ്ടറിംഗിന്റെ സുതാര്യത നിലനിർത്തി മുമ്പ് ഉയർന്നുവന്ന ആക്ഷേപങ്ങൾ ഒഴിവാക്കി ട്രേഡേഴ്സിൽ നിന്നും തോട്ടണ്ടി വാങ്ങുന്ന കാര്യം പരിശോധിക്കുന്നതാണ്. തൊഴിലാളികളുടെ മിനിമം വേജസിൽ 35 ശതമാനത്തിന്റെ വർദ്ധനവ് വരുത്തുന്നതിനും ബോണസ് 8,500 രൂപയായി വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഈ വ്യവസായം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ട്രേഡ് യൂണിയൻ നേതാക്കളുമായി ചർച്ച ചെയ്യുന്നതാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർക്കാർ വളരെയധികം പ്രാധാന്യം നൽകുന്ന മേഖലയാണ് കശുവണ്ടി വ്യവസായ മേഖല. തൊഴിലാളികൾക്ക് കൊടുക്കേണ്ട ഗ്രാറ്റുവിറ്റി അടക്കമുള്ള ആനുകൂല്യങ്ങൾ ഈ മാസം തന്നെ കൊടുത്തുതീർക്കുന്നതും തോട്ടണ്ടി ലഭ്യമാക്കി ജനുവരി മാസം തന്നെ ഫാക്ടറി തുറന്നുപ്രവർത്തിപ്പിക്കുന്നതുമാണ്. നിലവിലുള്ള സംവിധാനം മാറ്റേണ്ടിവന്നതാണ്

ഇപ്പോഴുള്ള പ്രശ്നങ്ങൾക്ക് കാരണമായിത്തീർന്നത്.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

## ശ്രദ്ധക്ഷണിക്കൽ

(1) ഭിന്നശേഷിക്കാരുടെ പുനരധിവാസം

ശ്രീ. സി. മോയിൻകുട്ടി: ശാരീരിക, മാനസിക വൈകല്യങ്ങൾമൂലം അവശത അനുഭവിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ-സംരക്ഷണ-പുനരധിവാസ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളും വ്യക്തികളും നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കണം. വർദ്ധിച്ചുവരുന്ന ജീവിതശൈലീരോഗങ്ങളുടെ ഫലമായുണ്ടാകുന്ന ഇത്തരം വൈകല്യങ്ങളെ സംബന്ധിച്ച ഏകാംഗ കമ്മീഷൻ റിപ്പോർട്ട് ഗൗരവമായി കാണണം. ഭിന്നശേഷിക്കാരായ കുട്ടികളെ സംരക്ഷിക്കുന്ന സ്ഥാപനങ്ങൾക്ക് എയ്ഡഡ് പദവി നൽകാനുള്ള സർക്കാർ തീരുമാനം സ്വാഗതാർഹമാണ്. അവിടത്തെ തുച്ഛവരുമാനക്കാരായ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനും 18 വയസ്സ് പൂർത്തിയായ അന്തേവാസികളെ പ്രത്യേകമായി സംരക്ഷിക്കുന്നതിനും നടപടിയുണ്ടാകണം. മാനസികവെല്ലുവിളികൾ നേരിടുന്ന കുട്ടികളെ കണ്ടെത്തി കൃത്യമായ പരിശീലനത്തിലൂടെ അവരെ

ജീവിതത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനും തൊഴിൽ പരിശീലനത്തിലൂടെ സ്വയംപര്യാപ്തരാക്കുന്നതിനും സാധിക്കണം. ആനുകൂല്യങ്ങളെ സംബന്ധിച്ച് രക്ഷിതാക്കളെ ബോധവൽക്കരിക്കുന്നതിനും ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി ഏകീകരിച്ച സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനും കൺസഷനും സൗജന്യചികിത്സയും ഉറപ്പുവരുത്തുന്നതിനും നടപടിയുണ്ടാകണം. ഭിന്നശേഷിക്കാർക്കെതിരെയുള്ള അതിക്രമങ്ങളും ചൂഷണങ്ങളും തടയുന്നതിനും തൊഴിൽ സംവരണം ഏർപ്പെടുത്തുന്നതിനും രക്ഷിതാക്കളുടെ മരണാനന്തരം അവരുടെ സംരക്ഷണവും പുനരധിവാസവും ഉറപ്പാക്കുന്നതിനും നടപടിയുണ്ടാകണം.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ): ഓട്ടിസം, ബുദ്ധിമാന്ദ്യം തുടങ്ങിയ വൈകല്യങ്ങൾ ബാധിച്ച കുട്ടികളെ സംരക്ഷിക്കുന്നതിനായി പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ടിന് കീഴിൽ പ്രത്യേക ചട്ടങ്ങൾ രൂപീകരിക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ ഏർലി ഇന്റർവെൻഷൻ സെന്റർ ഫോർ ചിൽഡ്രൻ വിത്ത് ഡിസെബിലിറ്റി, ട്രെയിനിംഗ്, സ്പെഷ്യൽ സ്കൂൾ, വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ തുടങ്ങിയ സ്ഥാപനങ്ങൾ നടത്തുന്നതിന് എൻ.ജി.ഒ. സെക്ടറിലുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സ്ഥാപനങ്ങൾക്ക് മിനിമം സ്റ്റാൻഡേർഡ് നിശ്ചയിച്ചുകൊണ്ടുള്ള ചട്ടങ്ങളുടെ കരട്

തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങൾ പുറപ്പെടുവിച്ച് സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും മേൽനോട്ട നിയന്ത്രണവും ഗ്രാന്റ് ഇൻ എയ്ഡ് പദ്ധതിയും നടപ്പിലാക്കുന്ന മുറയ്ക്ക് ഈ മേഖലയിൽ മെച്ചപ്പെട്ട സേവനം നൽകാൻ സാധിക്കുന്നതാണ്. വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ മലപ്പുറം, തൃശ്ശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽ സംരക്ഷണ ഭവനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട് പ്രകാരം എൻ.ജി.ഒ. സെക്ടറിൽ 19 സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ട്. വീടുകളിൽ കഴിയുന്ന ഭിന്നശേഷിക്കാരെ പരിചരിക്കുന്നതിനായി സുരക്ഷാ മിഷന്റെ കീഴിലുള്ള 'ആശ്വാസ കിരണം' പദ്ധതി മുഖാന്തിരം ദാരിദ്ര്യരേഖ പരിഗണിക്കാതെ പ്രതിമാസം 525 രൂപ നൽകുന്നുണ്ട്. ഈ മേഖലയിൽ ലൈഫ് ലോംഗ് കെയറിന് കൂടുതൽ ഭവനങ്ങൾ ആരംഭിക്കുന്നതിനുവേണ്ടി ഒരു എൻ.ജി.ഒ. പോളിസി വിഭാവനം ചെയ്യുകയും കൂടുതൽ കെയർ ഹോമുകൾ ആരംഭിക്കാൻ പദ്ധതിയുള്ള എൻ.ജി.ഒ.മാരെ അക്രഡിറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. ഓട്ടിസം ബാധിച്ച കുട്ടികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി ഈ സാമ്പത്തിക വർഷം 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 25 കുട്ടികൾ വരെയുള്ള ബഡ്സ് സ്കൂളുകൾ എയ്ഡഡ് സ്കൂളുകളാക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. 18 വയസിന് മുകളിലുള്ള കുട്ടികൾക്കുവേണ്ടി കേരളത്തിലുടനീളമുള്ള ബഡ്സ് സ്കൂളുകൾക്ക് കീഴിൽ 86

ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

(2) കാർഷിക മേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. സാജു പോൾ: കാർഷിക മേഖലയിൽ സംഭവിച്ച ഏറ്റവും വലിയ ദുരന്തമാണ് റബ്ബറിന്റെ വിലത്തകർച്ച. റബ്ബറിന്റെ വിലയിടിവ് കാരണം കഴിഞ്ഞ രണ്ട് വർഷങ്ങളിലായി സംസ്ഥാനത്തിന് ഏകദേശം 20,000 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. റബ്ബറിന്റെ വിലത്തകർച്ച നേരിടുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണം. റബ്ബറിന്റെ വിലത്തകർച്ച പിടിച്ചുനിർത്തുന്നതിനായി സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച വിലസ്ഥിരതാ പദ്ധതി ഫലപ്രദമല്ല. റബ്ബർ കയറ്റുമതി-ഇറക്കുമതി നയത്തിലെ അപാകതകൾ പരിഹരിക്കുന്നതിനും റബ്ബർ സംഭരണത്തിന് താങ്ങുവില ഏർപ്പെടുത്തുന്നതിനും കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണം. റബ്ബർ ബോർഡ് പുനഃസംഘടിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. ഈ മേഖലയിലെ വിദഗ്ദ്ധരുടെ അഭിപ്രായംകൂടി പരിഗണിച്ച് റബ്ബറിന്റെ വിലത്തകർച്ച തടയുന്നതിന് സത്വര ശ്രദ്ധ പതിപ്പിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): റബ്ബറിന്റെ വിലയിടിവ് കർഷകരെ മാത്രമല്ല കേരളത്തിന്റെ വ്യാപാര മേഖലയേയും സമ്പദ്ഘടനയേയും വളരെ ദോഷകരമായി ബാധിച്ചിരിക്കുകയാണ്. റബ്ബർ വിലയിടിവ് തടയുന്നതിനായി നിരവധി നടപടികൾ

സ്വീകരിച്ചെങ്കിലും കാര്യമായ ഫലം കണ്ടില്ല. റബ്ബറിന്റെ വിലത്തകർച്ച നേരിടുന്നതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ 300 കോടി രൂപ അനുവദിക്കുകയും ചെറുകിട കർഷകർ ഉല്പാദിപ്പിക്കുന്ന റബ്ബറിന് ചില നിബന്ധനകൾ പ്രകാരം കിലോയ്ക്ക് 150 രൂപ ഉറപ്പാക്കുന്ന സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സ്കീമിൽ 28-11-2015 വരെ 3,03,756 കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. റബ്ബർ ബോർഡിന്റെ പുനഃസംഘടന സംബന്ധിച്ച് വകുപ്പ് കൈകാര്യം ചെയ്യുന്ന കേന്ദ്രമന്ത്രിയുമായി ചർച്ച നടത്തുന്നതാണ്. റബ്ബറിന്റെ ക്രമാതീതമായ ഇറക്കുമതിക്ക് നിയന്ത്രണം ഏർപ്പെടുത്തണമെന്നും എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിക്കണമെന്നും പ്രൈസ് സ്റ്റെബിലൈസേഷൻ ഫണ്ടിൽ നിന്നും കേരളത്തിന് സഹായം നൽകണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്. റബ്ബറിന്റെ വിലത്തകർച്ച പിടിച്ചുനിർത്തുന്നതിനുള്ള എല്ലാ നിർദ്ദേശങ്ങളും സ്വീകരിക്കാൻ സർക്കാർ തയ്യാറാണ്.

## സബ്മിഷൻ

(1) <u>തൊഴിൽ വകുപ്പുമന്ത്രി സഭയിൽ നടത്തിയ വെളിപ്പെടുത്തൽ</u>

പ്രതിപക്ഷ നേതാവ് <u>(ശ്രീ. വി.എസ്. അച്യുതാനന്ദൻ)</u>: 3-12-2015-ന് സോളാർ കേസ് സംബന്ധിച്ച അടിയന്തര പ്രമേയത്തിന്റെ ചർച്ചാവേളയിൽ ശ്രീ. ബിജു രാധാകൃഷ്ണൻ സോളാർ കമ്മീഷന് മുമ്പിൽ നടത്തിയ വെളിപ്പെടുത്തലിന് പിന്നിൽ

ചില ഗുഢശക്തികൾ പ്രവർത്തിക്കുന്നുണ്ടെന്ന തൊഴിൽ വകുപ്പുമന്ത്രിയുടെ പരാമർശത്തിലെ ഗുഢശക്തി ആരാണെന്ന് വ്യക്തമാക്കണം.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): ഗുഢശക്തികൾ സഭയ്ക്കുള്ളിൽ പ്രവർത്തിക്കുന്നുണ്ടെന്ന് പറഞ്ഞിട്ടില്ല. ജീവപര്യന്തം ശിക്ഷിക്കപ്പെട്ട ഒരു വ്യക്തിയുടെ വാക്കുകൾക്ക് വില കൽപ്പിക്കേണ്ട കാര്യമില്ല. സംശയത്തിന്റെയടിസ്ഥാനത്തിൽ ആരെയും പ്രതിയാക്കാൻ ആഗ്രഹിക്കുന്നില്ല. പ്രതി ആരെന്ന് അന്വേഷിച്ച് കണ്ടെത്തിയശേഷം പ്രതിപക്ഷ നേതാവിനേയും പ്രതിപക്ഷാംഗങ്ങളെയും അറിയിക്കുന്നതാണ്.

(ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രിയുടെ മറുപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഡയസിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിക്കുകയും സഭാ നടപടികൾ തടസ്സപ്പെടുത്താൻ ശ്രമിക്കുകയും ചെയ്തുകൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ മറ്റ് സബ്മിഷനുകൾ റദ്ദ് ചെയ്യുകയും കാര്യവിവരപ്പട്ടികയിലെ അടുത്ത നടപടികളിലേയ്ക്ക് കടക്കുകയും സബ്മിഷന്റെ മറുപടി അംഗങ്ങൾക്ക് അയച്ചുകൊടുക്കാൻ മന്ത്രിമാരെ ചുമതലപ്പെടുത്തുകയും ചെയ്തു.)

## മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ

മേശപ്പുറത്തുവച്ചു.

## റിപ്പോർട്ട് സമർപ്പണം

പിന്നോക്ക സമുദായക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനാലും പതിനഞ്ചും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## അനൗദ്യോഗികാംഗങ്ങളുടെ കാര്യം

റിപ്പോർട്ട് പരിഗണന

(1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഇരുപത്തിനാലാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) അനൗദ്യോഗിക ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(1 )2014-ലെ കേരള സംസ്ഥാന ഓട്ടിസം ബാധിത നിരാശ്രയ കുടുംബ സംരക്ഷണ ബിൽ

(ശ്രീ. ടി.എൻ. പ്രതാപൻ നോട്ടീസ് നൽകിയത്)

ശ്രീ. ടി.എൻ. പ്രതാപൻ: 2014-ലെ കേരള സംസ്ഥാന ഓട്ടിസം ബാധിത നിരാശ്രയ കുടുംബ സംരക്ഷണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം.കെ. മുനീർ): ഓട്ടിസം ബാധിച്ചവരുടെ ക്ഷേമത്തിനായി കേന്ദ്ര സർക്കാർ രൂപീകരിച്ചിട്ടുള്ള നാഷണൽ ട്രസ്റ്റിന്റെ സംസ്ഥാന ഏജൻസി മുഖേന പ്രവർത്തിക്കുന്ന ഏർലി ഇന്റർവെൻഷൻ സെന്റർ ഫോർ ചിൽഡ്രൻ വിത്ത് ഡിസെബിലിറ്റി, ട്രെയിനിംഗ്, സ്പെഷ്യൽ സ്കൂൾ, വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ, ലൈഫ് ലോംഗ് കെയർ സെന്റേഴ്സ്, ഡേ കെയർ സെന്റർ തുടങ്ങിയവയ്ക്ക് പുറമെ എൻ.ജി.ഒ. സെക്ടറിൽ കൂടുതൽ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. വീടുകളിൽ കഴിയുന്ന ഇത്തരം ആളുകളെ പരിചരിക്കുന്നവർക്കുവേണ്ടി സാമൂഹ്യ സുരക്ഷാ മിഷന്റെ കീഴിൽ " ആശ്വാസ കിരണം" പദ്ധതി നടപ്പാക്കി വരുന്നുണ്ട്. കൂടാതെ ഓട്ടിസം ബാധിതരുടെ ക്ഷേമത്തിനായി സംസ്ഥാന സർക്കാർ അഞ്ചുകോടി രൂപ നീക്കിവച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ 2014-ലെ കേരള സംസ്ഥാന ഓട്ടിസം ബാധിത നിരാശ്രയ കുടുംബ സംരക്ഷണ ബിൽ അവതരിപ്പിക്കേണ്ടതില്ല.

ശ്രീ. ടി.എൻ.പ്രതാപൻ: ഓട്ടിസം ബാധിച്ച ആളുകളെ സഹായിക്കുന്ന

കാര്യമാണ് ഇവിടെ പരാമർശിച്ചത്. കഴിഞ്ഞ ഏതാനും വർഷങ്ങളായി ഓട്ടിസം രോഗവും അതുമൂലമുണ്ടാകുന്ന പ്രശ്നങ്ങളുംമൂലം ആത്മഹത്യ ചെയ്യുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇത്തരം കുടുംബങ്ങളുടെ സംരക്ഷണവും ബാധ്യതയും സർക്കാർ ഏറ്റെടുക്കണം. ഓട്ടിസം ബാധിതരായ കുട്ടികൾക്ക് മുഖ്യധാരാ സ്കൂളുകളിൽ അദ്ധ്യയനം നടത്തുന്നതിന് സൗകര്യമൊരുക്കണം. രോഗബാധിതരായ കുട്ടികളുള്ള കുടുംബങ്ങൾക്ക് ആശ്രയം നൽകുന്നതിന് പ്രത്യേക പദ്ധതിയും നിയമവും നിർമ്മിക്കണം.

(ചർച്ച തുടരും)

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് സഭ രാവിലെ 11.10-ന് പിരിഞ്ഞു)

*************